## പാഠം – 4

## രക്ഷകളും അന്ത്യകാലവും

**ശബ്ബത്ത് സായാഹ്നം** **ഏപ്രിൽ 21**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** യോഹ. 14:9; സെഫ. 3:17; യോഹ. 1:1–3; റോമ.8:38,39; സങ്കീ. 91:15, 16; വെളി. 14:6, 7; എഫേ. 1:4, 5.

**മനഃപാഠവാക്യം: "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു" (1 യോഹ. 4:10)**

ക്രിസ്ത്യാനിത്വവും ഇതര മതങ്ങളും തമ്മിലുള്ള നിർണ്ണായകവും മോഹിപ്പിക്കുന്നതുമായ വ്യത്യാസം ഇതാണ്. മറ്റു മതങ്ങൾ തങ്ങളുടെ മതസ്ഥാപകർ പഠിപ്പിച്ച കാര്യങ്ങൾ ഊന്നിപ്പറയുമ്പോൾ അവർക്കുവേണ്ടി എന്തു ചെയ്തു എന്നു പറയുന്നില്ല. അതൊരുപക്ഷേ സ്ഥാപകർ എന്തു ചെയ്താലും അത് തങ്ങളെ രക്ഷിക്കുവാൻ ഉതകില്ലെന്നതിനാലാവാം. ഈ നേതാക്കന്മാരെല്ലാം തന്നെ പഠിപ്പിച്ചത് സ്വയം രക്ഷിക്കുവാനുള്ള കാര്യങ്ങളാവും.

ക്രിസ്ത്യാനികളാകട്ടെ യേശു പഠിപ്പിച്ചവയിൽ മാത്രമല്ല പ്രവർത്തികളിലും ശ്രദ്ധയൂന്നുന്നു. കാരണം യേശുവിന്റെ പ്രവൃത്തി ഒന്നു മാത്രമാണ് രക്ഷയായി ഭവിക്കുന്നത്. ക്രിസ്തുവിന്റെ മനുഷ്യാവതാരം (റോമ. 8:3), ക്രൂശുമരണം (റോമ. 5:8), ഉത്ഥാനം (1 പത്രോ. 1:3), കൂടാതെ സ്വർഗ്ഗീയ ശുശ്രൂഷ (എബ്രാ. 7:25) – ഇവ ഒന്നു മാത്രമാണ് നമ്മെ രക്ഷിക്കുന്നത്. "മനുഷ്യനിലെ സകല നന്മ, വിശുദ്ധി, സൗന്ദര്യം, കുലീനത എന്നിവയെല്ലാം ചേർത്ത് ദൈവദൂതന്മാരുടെ മുന്നിൽ അവന്റെ ആത്മ രക്ഷക്കായുള്ള യോഗ്യതയായി നൽകിയെന്നിരിക്കട്ടെ, അത് വഞ്ചനയെന്ന് എഴുതി തള്ളപ്പെടും." – *എലൻ ജി വൈറ്റ്, "ഫെയ്ത് ആൻഡ് വർക്സ്", പേജ് 24.*

അന്ത്യകാല വിപത്തുകൾക്കും വഞ്ചനകൾക്കുമിടയിൽ ഈ അത്ഭുത സത്യം അതിപ്രധാനമാണ്.

**ഞായർ** **ഏപ്രിൽ 22**

### പിതാവിന്റെ സ്നേഹം

തന്നിലൂടെ എങ്ങനെ പിതാവിലേക്ക് എത്തിച്ചേരാമെന്ന്, അടുത്തു നിന്നവരോടായി, ക്രൂശുമരണത്തിനു തൊട്ടുമുമ്പ് യേശു പറഞ്ഞു. അപ്പോഴാണ് ഫിലിപ്പോസ് ഇങ്ങനെ പറഞ്ഞത്: "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം; എന്നാൽ ഞങ്ങൾക്കു മതി" (യോഹ. 14:8).

**യേശു ഫിലിപ്പോസിനോട് എങ്ങനെ പ്രതികരിച്ചു?** യോഹ. 14:9. **ആ പ്രതികരണം പിതാവിനെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു? ദൈവത്തെ കുറിച്ചുള്ള എന്ത് തെറ്റിദ്ധാരണകളാണ് യേശുവിന്റെ പ്രതികരണം നീക്കി ത്തരുന്നത്?**

പുതിയനിയമത്തിലെ, നിറയെ കരുണയും ദയയും ക്ഷമാശീലവുമുള്ള ഒരു ദൈവത്തെ അപേക്ഷിച്ച് പഴയനിയമത്തിലെ ദൈവം നീതിയുടെ ദൈവ മാണെന്ന് ചിലർ പറയുന്നു. അവർ രണ്ടു ദൈവങ്ങളും തമ്മിൽ ഒരു വ്യത്യാസം കാണുന്നു. എന്നാൽ അത് സാധുതയില്ലാത്ത വാദമാണ്. പഴയ -പുതിയ നിയമങ്ങളിൽ ഉള്ള ദൈവത്തിന് ഒരു സ്വഭാവമേയുള്ളൂ.

യേശുക്രിസ്തു ഭൂമിയിലേക്കു വന്നതിന്റെ ഒരു കാരണം തന്നെ പിതാവായ ദൈവത്തെക്കുറിച്ചുള്ള സത്യം വെളിപ്പെടു ത്തുകയാണ്. ദൈവത്തെക്കുറിച്ചും ദൈവസ്വഭാവത്തെക്കുറിച്ചും തെറ്റായ ആശയങ്ങൾ നൂറ്റാണ്ടുകളിലൂടെ അവിശ്വാസികൾക്കിട യിൽ മാത്രമല്ല ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനിട യിൽ പോലും വളരെയധികം പ്രചരിപ്പിക്കപ്പെട്ടു. “ഭൂമി, ദൈവ ത്തെക്കുറിച്ചുള്ള മിഥ്യാവബോധത്താൽ അന്ധകാരത്തിലായി രുന്നു. മങ്ങിയ നിഴലുകളെ പ്രകാശിപ്പിക്കണമായിരുന്നു, ലോകത്തെ ദൈവത്തിലേക്ക് തിരികെ കൊണ്ടുവരണമായിരുന്നു, സാത്താന്റെ ചതിക്കുന്ന ശക്തികളെ തകർക്കണമായിരുന്നു.” - *എലൻ ജി വൈറ്റ്, “ദി ഡിസയർ ഓഫ് ഏജസ്”, പേജ് 22.* യേശു ഭൂമിയിലേക്കു വന്നതിന്റെ കാരണങ്ങളിൽ ചിലത്.

ദൈവത്തിനു മാറ്റമില്ല. പഴയനിയമ സംഭവങ്ങളെ ചുറ്റിപറ്റിയുള്ള എല്ലാ വസ്തുതകളും അറിഞ്ഞാൽ പുതിയനിയമത്തിലെന്നപോലെതന്നെ പഴയ തിലും ദൈവം കരുണാമയനെന്ന് കണ്ടെത്താം. വചനം പ്രഖ്യാപിക്കുന്നു, “ദൈവം സ്നേഹമാകുന്നു” (1യോഹ.4:8), ദൈവം ഒരിക്കലും മാറുന്നു മില്ല. “യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ” (എബ്രാ. 13:8).

ഇതുകൂടി ഓർക്കുക, ആ പഴയനിയമത്തിലെ ദൈവമാണ് കാൽവരി യിലെ കുരിശിൽ തൂങ്ങിയതും.

ഈ ദൈവം കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ള വൻ (പുറ.34:6,7). ദൈവത്തിന്റെ സ്നേഹം അപരാജിതം (സങ്കീ. 143:8). അവനെ പിൻപറ്റുന്നവരിൽ പ്രസാദിക്കുന്നു (സങ്കീ. 147:11). ദൈവത്തിന്റെ പദ്ധതി ജനത്തിന് അഭിവൃദ്ധിയും പ്രത്യാശയും ജനിപ്പിക്കുന്നു (യിര. 29:11). തന്റെ സ്നേഹത്തിൽ അവൻ ഭർത്സിക്കാതെ അവർക്കൊപ്പം പാട്ടുപാടി

സന്തോഷിക്കുന്നു (സെഫ. 3:17). ഇതും, ഇതിലുപരിയുമാണ് പിതാവായ ദൈവം.

**യേശു പിതാവായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നത് ചിന്തിച്ചു നോക്കുക. എന്തുകൊണ്ട് ഇത് അത്ഭുതവും പ്രത്യാശയും നൽകുന്ന സത്യമാകുന്നു, പ്രത്യേകിച്ച് ചിലപ്പോഴൊക്കെ ദൈവത്തെ ഭയക്കുന്നവർക്കെങ്കിലും?**

**തിങ്കൾ** **ഏപ്രിൽ 23**

## യേശുവിന്റെ സ്നേഹം

പാപം മനുഷ്യകുലത്തെ ദൈവത്തിൽ നിന്നകറ്റി; അഗാധമായ ഒരു പിളർപ്പ് അവർക്കിടയിലുണ്ടായി, ആ ഗർത്തം നിരപ്പാകുന്നതുവരെ, മനുഷ്യകുലം അനന്ത നാശത്തിനായി വിധിക്കപ്പെട്ടിരുന്നു. ആ വിടവ് അത്യഗാധവും ഭയാനകവുമായിരുന്നു. പാപമെന്ന പ്രശ്നം പരിഹരിച്ച്, പാപികളായ മനുഷ്യരെ, നീതിമാനായ, വിശുദ്ധനായ ദൈവവുമായി പുനഃയോജിപ്പിക്കുവാൻ തീർത്തും അവിശ്വസനീയമായ എന്തെങ്കിലും സംഭവിക്കണമായിരുന്നു. ദൈവത്തിൽ അനശ്വരനായ ഒരാൾ, ദൈവത്തെപ്പോലെ പരിശുദ്ധനായ ഒരാൾ, മനുഷ്യനായി, മാനുഷരൂപത്തിൽ നിന്നുകൊണ്ട് നമ്മുടെ പാപങ്ങൾക്കുവേണ്ടി സ്വയം ഒരു ബലിയായി തീരണമായിരുന്നു.

**യോഹന്നാൻ 1:1-3, 14; ഫിലിപ്പിയർ 2:5-8 വായിക്കുക. യേശു ആരാണെന്നാണ് ഈ വാക്യങ്ങൾ പഠിപ്പിക്കുന്നത്?**

അനശ്വരനായ യേശുക്രിസ്തു തന്റെ നിലനിൽപിനായി എന്തിലെങ്കിലുമോ മറ്റാരിലെങ്കിലുമോ ആശ്രയിച്ചിരുന്നില്ല. അവൻ ദൈവമായിരുന്നു - ദൈവത്തിന്റെ പ്രതിഛായയല്ല മറിച്ച് ദൈവം തന്നെ. തന്റെ അന്തഃസത്ത, വിശുദ്ധിയും അനശ്വരതയുമായിരുന്നു. യേശു ആ വിശുദ്ധി നിലനിർത്തി. എന്നാൽ മാനുഷരൂപത്തിൽ നിയമം അനുസരിക്കുവാൻ യേശു മനുഷ്യനായി. നിയമം ലംഘിച്ച നമുക്കെല്ലാം ഒരു പകരക്കാരനായി മരിക്കുവാൻ മനുഷ്യനായി (റോമ. 3:23).

മറ്റു മനുഷ്യർക്കുള്ളതിനെക്കാൾ ആനുകൂല്യങ്ങളൊന്നുമില്ലാതെ തന്നെ യേശു മനുഷ്യനായി. അവൻ ദൈവകൽപനയനുസരിച്ചു. അത് തന്റെ അകമേയുള്ള വിശുദ്ധ ശക്തിയാലായിരുന്നില്ല, മറ്റേതൊരു മനുഷ്യനും ലഭ്യമായിരുന്ന ബാഹ്യ വിശുദ്ധ ശക്തിയിൽ ആശ്രയിച്ചു മാത്രമായിരുന്നു.

യേശു പൂർണ്ണമായും ദൈവവും പൂർണ്ണമായും മനുഷ്യനുമായിരുന്നു. അതായത് "സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ" (എബ്രാ. 1:3) തന്നെയാണ് "പശുത്തൊട്ടിയിൽ കിടന്ന ശിശുവും"

(ലൂക്കോ. 2:16). കുറച്ചുകൂടി വിശദീകരിച്ചാൽ “സർവ്വത്തിനും മുമ്പെയുള്ളവൻ; സകലത്തിനും ആധാരമായിരിക്കുന്നവൻ” (കൊലോ. 1:17) തന്നെയാണ് “ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും വളർന്നുവന്ന” (ലൂക്കോ.2:52) ആ ബാലൻ. ഒന്നുകൂടി പറഞ്ഞാൽ “സകലവും ആരു മുഖാന്തരം ഉളവായോ; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല” (യോഹ. 1:3) അവനെ തന്നെയാണ് “നിങ്ങൾ മരത്തിൽ തൂക്കിക്കൊന്നതും” (അ.പ്ര. 5:30).

ഇതെല്ലാം തന്നെ ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുന്നു. അത് പിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ പ്രത്യക്ഷ പ്രകടനമാണ്. എങ്കിൽ നമുക്ക് ആഹ്ലാദിപ്പാനും നന്ദിയുള്ളവരായിരിപ്പാനും അനേകം കാരണങ്ങൾ ഉണ്ട്, തീർച്ച.

**റോമർ 8:38,39 വായിക്കുക. പൗലോസ് പറയുന്ന കാര്യം വിശ്വസിപ്പാൻ തക്ക ശക്തി നൽകുന്ന എന്ത് കാരണങ്ങളാണ് ഈ പാഠഭാഗത്തു നിന്ന് ലഭിക്കുന്നത്?**

**ചൊവ്വ** **ഏപ്രിൽ 24**

## പരിശുദ്ധാത്മാവിന്റെ സ്നേഹം

പിതാവിനോളം തന്നെ, പരിശുദ്ധാത്മാവിനെയും തെറ്റിദ്ധരിച്ചിരിക്കുകയാണ് പലരും. ചില ദൈവശാസ്ത്രിമാർ പരിശുദ്ധാത്മാവിനെ, പിതാവും പുത്രനും തമ്മിലുള്ള സ്നേഹമായി കാണുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പരിശുദ്ധാത്മാവെന്നത് പിതാവും പുത്രനും തമ്മിലുള്ള സ്നേഹം മാത്രമാണ്. അതായത് പരിശുദ്ധാത്മാവ് ദൈവത്തിൽ ഒരു വ്യക്തിയല്ല, മറിച്ച് ദൈവത്വത്തിലെ രണ്ട് വ്യക്തികൾ തമ്മിലുള്ള ഒരു ബന്ധം മാത്രമാക്കി ചുരുക്കപ്പെട്ടുപോയി.

എന്നാൽ സുവിശേഷം പരിശുദ്ധാത്മാവിന്റെ ആളത്വത്തെ തെളിയിക്കുന്നു. ക്രിസ്ത്യാനികളെ സ്നാനപ്പെടുത്തുന്നത് പിതാവിന്റെയും പുത്രന്റെയുമൊപ്പം പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്താ. 28:19). പരിശുദ്ധാത്മാവ് ക്രിസ്തുവിനെ മഹത്വീകരിക്കുന്നു (യോഹ. 16:14). പരിശുദ്ധാത്മാവ് മനുഷ്യരെ കുറ്റം വിധിക്കുന്നു (യോഹ. 16:8). അവനെ ദുഃഖിതനാക്കാം (എഫേ. 4:30). അവൻ ആശ്വാസദായകനാണ് (യോഹ. 14:16), സഹായകനാണ്, ഉപദേഷ്ടാവുമാണ്. അവൻ പഠിപ്പിക്കുന്നു (ലൂക്കൊ. 12:12), മദ്ധ്യസ്ഥനാണ് (റോമ. 8:26), വിശുദ്ധീകരിക്കുന്നു (1 പത്രൊ. 1:2). ക്രിസ്തു പറഞ്ഞു ആത്മാവു നിങ്ങളെ സകല സത്യത്തിലും വഴിനടത്തും (യോഹ. 16:13). ചുരുക്കത്തിൽ, പിതാവിനെയും പുത്രനെയും പോലെ തന്നെ പരിശുദ്ധാത്മാവും ദൈവമാണ്. ഒരുമിച്ച് അവർ ഒരു ദൈവമാണ്.

**ആത്മാവു വെളിപ്പെടുത്തുന്നതെല്ലാം വിശുദ്ധ സ്നേഹമാണ്. തന്റെ പ്രവൃത്തികളിൽ ചിലത് എന്തൊക്കെയാണ്?** ലൂക്കോ. 12:12, യോഹ. 16:8-13, അ.പ്ര. 13:2.

പരിശുദ്ധാത്മാവു ദൈവമാണെന്നതിന്റെ ഏറ്റവും വലിയ തെളിവ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരമാണ്. യേശു പരിശുദ്ധാത്മാവു മുഖാന്തരമാണ് ജനിച്ചത് (മത്താ. 1:20). ദൈവത്തിനു മാത്രമേ അതുപോലെ "സൃഷ്ടിക്കുവാൻ" കഴിയൂ. പരിശുദ്ധാത്മാവ് യേശുവിനായി രണ്ട് വിരുദ്ധ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ആദ്യം, സർവ്വവ്യാപിയായ ക്രിസ്തുവിനെ മറിയയുടെ ഗർഭത്തിൽ കൊണ്ടുവന്നു. ക്രിസ്തു ഉടലോടെ സ്വർഗ്ഗത്തിലേക്ക് മനുഷ്യരൂപത്തിൽ തന്നെ എടുക്കപ്പെട്ടു. രണ്ടാമത്, മനുഷ്യരൂപത്തിൽ നില നിന്നുകൊണ്ട് മറ്റൊരു വിവരണാതീതമായ അത്ഭുതത്തിൽ, ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾക്ക് സ്വയം പ്രത്യക്ഷനാക്കുന്നു.

അങ്ങനെ, പരിശുദ്ധാത്മാവ്, പിതാവിനോടും പുത്രനോടുമൊപ്പം, നമുക്കുവേണ്ടി പ്രവർത്തിക്കുന്നു. "ദൈവത്വം മനുഷ്യകുലത്തോടുള്ള സഹതാപത്തിൽ ഇളകി. പിതാവും പുത്രനും പരിശുദ്ധാത്മാവും രക്ഷാകര പദ്ധതിയുടെ നടത്തിപ്പിൽ സ്വയം സമർപ്പിതരായി." - *എലൻ ജി. വൈറ്റ്, "കൗൺസൽസ് ഓൺ ഹെൽത്ത്", പേജ് 222.*

പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മെ തുല്ല്യമായി സ്നേഹിക്കുന്നു. ദൈവത്തിന്റെ അനശ്വര രാജ്യത്തിലേക്ക് നമ്മെ രക്ഷിക്കുന്നതിനായി അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. പിന്നെങ്ങനെ നമുക്ക് ഇത്ര വലിയൊരു രക്ഷ അവഗണിക്കാനാകും?

**പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് മൂവരും നമ്മുടെ അനന്ത നന്മയ്ക്കായി യത്നിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത എത്ര ആശ്വാസദായകമാണ്?**

**ബുധൻ** **ഏപ്രിൽ 25**

## രക്ഷയുടെ ഉറപ്പ്

ചില സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ തങ്ങൾ രക്ഷിക്കപ്പെടുമോ എന്ന ആശങ്കയിലാണ്. അവർക്ക് ഉറപ്പു കുറവാണ്, നിത്യജീവന്റെ കാര്യം എന്താകുമെന്നറിയുവാൻ ആകാംക്ഷാഭരിതരുമാണ്. നല്ലവരാകുവാൻ അക്ഷീണം പ്രയത്നിക്കുന്നുവെങ്കിലും തങ്ങൾ അതിനരികിൽ പോലുമെത്തുന്നില്ലെന്നും ഇക്കൂട്ടർ മനസ്സിലാക്കുന്നു. അവർ തങ്ങളിൽ തന്നെ നോക്കുന്നു. ജീവിതയാത്രയിൽ പ്രോത്സാഹജനകമായി ഒന്നും തന്നെ കണ്ടെത്തുന്നുമില്ല.

യേശുവിന്റെ വ്യക്തിത്വവും നമ്മുടെ സ്വഭാവവും തമ്മിലുള്ള അന്തരം കാണുമ്പോൾ, അല്ലെങ്കിൽ "ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ" (മത്താ. 7:14) ഇത്യാദി വാക്യങ്ങൾ കേൾക്കുമ്പോൾ, നമുക്കത് സാധിക്കുമോ എന്ന ചിന്ത കടന്നുവരാത്ത ആരെങ്കിലുമുണ്ടാകുമോ?

അന്ത്യകാലത്തിനായി ഒരുങ്ങുന്നവർ ഇപ്പോൾ രക്ഷയെക്കുറിച്ച് ഉറപ്പുള്ളവരായിരിക്കണം. അവർ ഭാവിയെ ഭയരഹിതമായി നേരിടാൻ രക്ഷയുടെ യാഥാർത്ഥ്യത്തിൽ അത്യാനന്ദം കണ്ടെത്തണം. എന്തെന്നാൽ, ദൈവത്വത്തിലെ എല്ലാവരും നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ രക്ഷയുടെ ഉറപ്പുമായി ജീവിക്കുവാൻ കഴിയും, കഴിയണം.

**ഈ വാക്യങ്ങൾ വായിക്കുക. രക്ഷയെ സംബന്ധിച്ച് എന്ത് പ്രത്യാശയും ഉറപ്പുമാണ് നമുക്ക് അവരിൽ നിന്ന് ലഭിക്കുന്നത്? ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു, എന്ത് വാഗ്ദത്തങ്ങൾ നിറവേറ്റും?**

സങ്കീർത്തനം 91: 15, 16; യോവേൽ 2: 31, 32; യോഹന്നാൻ 10: 28

റോമർ 10: 9-13; 1 യോഹന്നാൻ 5: 11 - 13

വിശുദ്ധ ജീവിതം നയിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു, അല്ല ആജ്ഞ ലഭിച്ചിരിക്കുന്നു. എന്നാൽ ഈ ജീവിതം യേശുവിന്റെ രക്ഷയുടെ ഫലമാണ്. അല്ലാതെ രക്ഷ നേടുന്നതിനുള്ള മാർഗ്ഗമല്ല. മരണം വരെ നമ്മൾ വിശ്വസ്തരായിരിക്കാം, പക്ഷെ രക്ഷയുടെ പ്രതീക്ഷയായി അവന്റെ ദാനത്തിൽ മുറുകെ പിടിച്ചിരിക്കണം. അന്ത്യകാലത്ത് ദൈവജനം വിശ്വസ്തരും അനുസരണയുള്ളവരുമായി കാണപ്പെടും. ക്രിസ്തു നമുക്കായി ചെയ്തതിന്റെ ഉറപ്പിൽ നിന്നുണ്ടാകുന്ന ഒരു അനുസരണവും വിശ്വസ്തതയും.

**വ്യാഴം** **ഏപ്രിൽ 26**

## നിത്യസുവിശേഷം

**വെളിപ്പാട് 14: 6,7 വായിക്കുക. എന്താണ് "നിത്യസുവിശേഷം"?**

സുവിശേഷത്തെ ഇവിടെ "നിത്യസുവിശേഷം" എന്ന് വിളിക്കുന്നു. ദൈവം ഒരിക്കലും മാറ്റമില്ലാത്തവനാണെന്നതിന്റെ മറ്റൊരു തെളിവ്. മാറ്റമില്ലാത്ത ദൈവത്തിന് ഒരു മാറ്റമില്ലാത്ത സുവിശേഷമുണ്ട്. ഈ നിത്യസുവിശേഷം സ്വീകരിക്കുവാൻ തയ്യാറാകുന്ന ഏവർക്കും ഒരുറപ്പ് നൽകുന്നു. ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹമാണ് സുവിശേഷം വെളിപ്പെടുത്തുന്നത്. ഈ സന്ദേശമാണ് ലോകം മുഴുവനും എത്തിക്കേണ്ടത്. എല്ലാവരും ഇതു കേൾക്കുവാനുള്ള ഒരവസരമുണ്ടാകണം. അതിനാണ് തന്റെ ജനത്തോട് അത് പ്രചരിപ്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്നത്.

**"നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ, നമ്മെ അവനിൽ തിരഞ്ഞെടുക്കു കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്" (എഫേ. 1:4, 5). സുവിശേഷം "നിത്യമാണ്" ഇതേക്കുറിച്ച് കൂടുതലായി ഈ വാക്യം എന്ത് പറഞ്ഞു തരുന്നു?**

"ലോകസ്ഥാപനത്തിനു മുമ്പേ" നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും". ഇത് ഒരു "നിത്യ"സുവിശേഷത്തെക്കുറിച്ച് സംസാരിക്കുന്നു. ഈ ഭൂമി സൃഷ്ടിക്കുന്നതിനും മുമ്പേ തന്നെ ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി അവനിലൂടെ നമുക്ക് രക്ഷയുണ്ടാവുക എന്നതായിരുന്നു.

ചില വാക്കുകൾ ശ്രദ്ധിക്കുക: "തിരഞ്ഞെടുക്കുക", "മുൻകൂട്ടി നിർണ്ണ യിക്കുക", "തിരുഹിതത്തിന്റെ പ്രസാദം", "ദത്തെടുക്കൽ". അവനിൽ നമുക്ക് നിത്യജീവൻ ഉണ്ടാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ രണ്ടു വാക്യങ്ങൾ നിത്യജീവൻ പ്രാപിക്കുന്നതിനുള്ള ദൈവാഗ്രഹത്തെ എത്രമാത്രമാണ് കാണിച്ചു തരുന്നത്. ഇതൊക്കെയും നിത്യതയിൽ ദൈവം പണ്ടേ ചെയ്തുവെന്നത് (കാണുക 2 തെസ്സ. 2:13, 2 തിമോ. 1:9) ആ കൃപ യിലേക്ക് വിരൽ ചൂണ്ടുന്നു. നമ്മുടെ രക്ഷ, സ്വപ്രയത്ന ഫലം കൊണ്ടോ, സൃഷ്ടിയുടെ സവിശേഷത കൊണ്ടോ അല്ല, പൂർണ്ണമായും ദൈവസ്നേഹ ത്തിന്റെ പ്രവൃത്തി ഒന്നുകൊണ്ടു മാത്രമാണ്. നമ്മൾ ഉണ്ടാകും മുമ്പേ ആ രക്ഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടുവെങ്കിൽ, നമ്മുടെ പ്രവൃത്തിയാൽ രക്ഷ എങ്ങനെ കൈവരിക്കാനാകും? സ്വീകരിക്കാനും തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്.

തിരഞ്ഞെടുക്കപ്പെട്ടവരുടെ ജീവിതത്തിൽ ഈ തിരഞ്ഞെടുപ്പ് എങ്ങനെ വെളിപ്പെടുന്നു? "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും" ആകേണ്ടതിന് (എഫേ.1:4). നാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് ഇതിനു കൂടിയാണ്.

**ക്രിസ്തുവിന്റെ വരവിനു മുന്നോടിയായ, അന്ത്യകാലദൂതിന്റെ ഭാഗ മായി ഈ "നിത്യസുവിശേഷം" ലോകത്തോട് അറിയിക്കുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. ഈ "നിത്യസുവിശേഷം" മറ്റുള്ളവരുമായി പങ്കുവയ്ക്കു ന്നതിനു മുമ്പേ, ഇതിന്റെ യാഥാർത്ഥ്യം നമ്മളോരുരുത്തരും എന്തുകൊണ്ട് അനുഭവിക്കുകയും അറിയുകയും വേണം?**

**വെള്ളി** **ഏപ്രിൽ 27**

**കൂടുതൽ പഠനം:** രക്ഷയെക്കുറിച്ച് നമുക്ക് ഉറപ്പുണ്ടാകാം, എന്നാൽ അഹങ്കാരം അരുത്. രക്ഷയെക്കുറിച്ച് വഞ്ചനാപരമായ ഉറപ്പ്

എന്നൊന്നുണ്ടോ? തീർച്ചയായും. യേശു അതേക്കുറിച്ച് മുന്നറിയിപ്പും നൽകി. "എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും വളരെ വീര്യപ്രവൃത്തികളും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും" (മത്താ. 7:21-23).

ഇവർ രണ്ട് മാരക തെറ്റുകൾ ചെയ്തു. ഒന്നാമത്, ദൈവനാമത്തിൽ അനേകം വൻകാര്യങ്ങൾ ചെയ്തെങ്കിലും ദൈവഹിതം, അതായത് ദൈവകൽപന അവർ അനുസരിച്ചില്ല. "പാപികളെ", "തെറ്റിപ്പോയവരേ", "അപൂർണ്ണരേ" "എന്നെ വിട്ടു പോകൂ" എന്നല്ല യേശു പറഞ്ഞത്. മറിച്ച് യേശു അവരെ "നിയമരഹിതരേ" എന്നാണ് വിളിച്ചത് - *'അനോമിയൻ'* എന്ന ഗ്രീക്ക് വാക്കിന്റെ തർജ്ജമ അഥവാ "നിയമം ഇല്ലാതെ" എന്നാണ്. രണ്ടാമത്, അവർ അവരുടെ പ്രവൃത്തികളിലും അവരിൽ തന്നെയും ഊന്നുന്നത് ശ്രദ്ധിക്കുക. *ഞങ്ങൾ നിന്റെ നാമത്തിൽ ചെയ്തില്ലയോ? ഞങ്ങൾ അത് നിന്റെ നാമത്തിൽ ചെയ്തില്ലയോ? ഞങ്ങൾ മറ്റൊന്നു കൂടി നിന്റെ നാമത്തിൽ ചെയ്തില്ലേ? എല്ലാം ഞങ്ങൾ നിന്റെ നാമത്തിൽ ചെയ്തില്ലേ?* കഷ്ടം! ദൈവത്തിനു മുന്നിൽ സ്വയം നീതീകരിക്കുവാനായി സ്വപ്രവൃത്തികളെ വർണ്ണിച്ച അവർ ക്രിസ്തുവിൽ നിന്നും എത്ര ദൂരെയാണ്? നമ്മെ രക്ഷിക്കുന്ന ഒരേയൊരു പ്രവൃത്തി വിശ്വാസത്താൽ നമുടെ കണക്കിൽ വരവു വയ്ക്കപ്പെട്ട യേശുവിന്റേതു മാത്രമാണ്. ഇവിടെയാണ് വാഗ്ദത്തം നിലനിൽക്കുന്നത് - നമ്മിലോ സ്വപ്രവൃത്തികളിലോ അല്ല ക്രിസ്തു നമുക്കായി ചെയ്തതിൽ മാത്രം. നിങ്ങൾക്ക് ഉറപ്പു വേണമോ? ദൈവകൽപന അനുസരിക്കുക. ക്രിസ്തുവിന്റെ നീതിയിൽ മാത്രം വിശ്രമിക്കുക. എങ്കിൽ ആവശ്യമായ എല്ലാ ഉറപ്പും ലഭിക്കും.

**ചർച്ച:**

1. **മാർട്ടിൻ ലൂഥർ ഇങ്ങനെ പറഞ്ഞതായി പറയുന്നു: "ഞാൻ എന്നെ ത്തന്നെ നോക്കുമ്പോൾ, എങ്ങനെ രക്ഷിക്കപ്പെടുമെന്ന് മനസ്സിലാകുന്നില്ല. ഞാൻ യേശുവിനെ നോക്കുമ്പോൾ, എങ്ങനെ സ്വയം നഷ്ടപ്പെടുമെന്നും മനസ്സിലാകുന്നില്ല." എത്ര വലിയ ജ്ഞാനമാണ് ഈ വാക്കുകളിൽ? ഈ മനോവികാരം നമുക്കു മുന്നിൽ വയ്ക്കുന്നത് സദാ നല്ലൊരു ആശയമാണോ?**

2. ലോകത്തിനു അടിസ്ഥാനമിടുന്നതിനും മുമ്പേ നമ്മെ രക്ഷിക്കാൻ തിരഞ്ഞെടുത്തുവെന്ന ആശയം കൂടുതൽ ചിന്തിക്കുക? എന്നാൽ എല്ലാവരും രക്ഷിക്കപ്പെടുമെന്ന് എന്തുകൊണ്ട് വവക്ഷിക്കുന്നില്ല? ജനം അങ്ങനെ രക്ഷിക്കപ്പെടുന്നില്ലെങ്കിൽ ദൈവം അവരെ തിരഞ്ഞെടുക്കായ്കയാലോ അവരുടെ തെരഞ്ഞെടുപ്പു നിമിത്തമോ? ഈ ചോദ്യം ക്ലാസ്സിൽ ചർച്ച ചെയ്യുക.
3. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹം നിറഞ്ഞ ഈ ലോകത്തിൽ, തിന്മയെന്ന യാഥാർത്ഥ്യത്തെ നേരിടുവാൻ, വൻവിവാദ സംഭവപരമ്പരകളുടെ യാഥാർത്ഥ്യം എങ്ങനെ സഹായിക്കുന്നു?

****